പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 261

# 2020-ലെ കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജോലി ചെയ്തു വരുന്ന കരാർ തൊഴിലാളികൾക്ക് (Hand Receiptee) മിനിമം വേതനം നൽകുന്ന ബിൽ

(ശ്രീ. ബി. സത്യൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 261

# 2020-ലെ കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജോലി ചെയ്തു വരുന്ന കരാർ തൊഴിലാളികൾക്ക് (Hand Receiptee) മിനിമം വേതനം നൽകുന്ന ബിൽ

(ശ്രീ. ബി. സത്യൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

417/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 261

# 2020-ലെ കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജോലി ചെയ്തു വരുന്ന കരാർ തൊഴിലാളികൾക്ക് (Hand Receiptee) മിനിമം വേതനം നൽകുന്ന ബിൽ

(ശ്രീ. ബി. സത്യൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജോലി ചെയ്തു വരുന്ന കരാർ തൊഴിലാളികൾക്ക് (Hand Receiptee) മിനിമം വേതനം നൽകുന്നത് ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ കരാർ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിച്ച മിനിമം വേതനം കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജോലി ചെയ്ത് വരുന്ന കരാർ തൊഴിലാളികൾക്ക് (Hand Receiptee) ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം ഒരു നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 2020-ലെ കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് (Hand Receiptee) മിനിമം വേതനം നൽകുന്ന ആക്റ്റ് എന്ന് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റു വിധത്തിൽ വിവക്ഷിക്കപ്പെടാത്ത പക്ഷം,—

(1) 'അതോറിറ്റി' എന്നാൽ കേരള വാട്ടർ അതോറിറ്റി എന്നർത്ഥമാകുന്നു.

(2) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(3) 'വിജ്ഞാപനം' എന്നാൽ ഈ ആക്ടനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

(4) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നാകുന്നു.

(5) 'വകുപ്പ്' എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു.

3. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ കരാർ തൊഴിലാളികൾക്ക് നിശ്ചയിച്ച മിനിമം വേതനം നൽകുന്നത് ഉറപ്പാക്കേണ്ടതാണ്.

<u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ, അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപ ഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനെ അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ കരാർ തൊഴിലിൽ ഏർപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ ഉറപ്പാക്കിയ നിയമാനുസൃത വേതനം കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്ക് ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് മിനിമം വേതനം ഉറപ്പാക്കുകയും, വിതരണം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ അതിന് വേണ്ടി വരുന്ന സാമ്പത്തിക ബാധ്യത കണക്കാക്കാൻ കഴിയുകയുള്ളൂ.

## ഏല്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കാനോ റദ്ദ ചെയ്യാനോ ഉള്ള അധികാരം ഉണ്ട്.

ബി. സത്യൻ എം.എൽ.എ.